മുസ്‌ലിംലീഗ് ഉദയഗിരി പഞ്ചായത്ത് കമ്മിറ്റി കാർത്തികപുരത്ത് നടത്തിയ ധർണ്ണ വി.വി.അബ്ദുള്ള ഉദ്ഘാടനം ചെയ്യുന്നു

# മുസ്ലിംലീഗ് പ്രതിഷേധ ധർണ്ണ നടത്തി

ആലക്കോട്: അർഹരായ ആളുകൾക്ക് സാമൂഹ്യ ക്ഷേമപെൻഷനുകൾ നിഷേധിക്കുന്ന എൽ.ഡി.എഫ് ഗവൺമെന്റ് നടപടികൾക്കെതിരെ മുസ്ലിംലീഗ് ആലക്കോട് പഞ്ചായത്ത് കമ്മിറ്റി ആഭിമുഖ്യത്തിൽ രയരോത്ത് പ്രതിഷേധ ധർണ്ണ നടത്തി. വി.വി.അബ്ദുള്ള അധ്യക്ഷത വഹിച്ചു. മുസ്ലിംലീഗ് ഇരിക്കൂർ മണ്ഡലം ട്രഷറർ വി.എ.റഹിം ഉദ്ഘാടനം ചെയ്തു. ജംഷീർ ആലക്കാട്, എം.എ.ഖലീൽറഹ്മാൻ, കെ.മൂസ മാസ്റ്റർ, പി.എം.മുഹമ്മദ്കുഞ്ഞി, കെ.എസ്.അഹമ്മദ്ഹാജി, പി.കെ.ഹനീഫ പ്രസംഗിച്ചു. കെ.എസ്.റഫീഖ് സ്വാഗതവും റിസ്വാൻ നെടുവോട് നന്ദിയും പറഞ്ഞു. മുസ്ലിംലീഗ് ഉദയഗിരി പഞ്ചായത്ത് കമ്മിറ്റി കാർത്തികപുരത്ത് നടത്തിയ പ്രതിഷേധ ധർണ്ണ വി.വി.അബ്ദുള്ള ഉദ്ഘാടനം ചെയ്തു. ഇ.എം.മുഹമ്മദ്കുഞ്ഞി മുസ്‌ലിയാർ അധ്യക്ഷത വഹിച്ചു. വി.എ.റഹിം, എം.എ.ഖലീൽറഹ്മാൻ, അഷ്റഫ്, ഷുഹൈബ് പ്രസംഗിച്ചു. ഷാഹുൽ ഹമീദ് സ്വാഗതം പറഞ്ഞു.

കണ്ണൂർ: കേട്ടുകേൾവിയില്ലാത്ത പുതിയ മാനദണ്ഡങ്ങൾ സൃഷ്ടിച്ച് പതിനായിരക്കണക്കിന് പാവപ്പെട്ടവർക്ക് ക്ഷേമപെൻഷൻ നിഷേധിച്ച സർക്കാർ നടപടിയിൽ പ്രതിഷേധിച്ച് മുസ്ലിം ലീഗ് ജില്ലയിൽ പഞ്ചായത്ത് മുൻസിപ്പൽ കേന്ദ്രങ്ങളിൽ സായാഹ്ന ധർണ്ണ നടത്തി. നാറാത്ത് പഞ്ചായത്തിലെ കണ്ണാടിപ്പറമ്പിൽ നടന്ന ധർണ്ണ സംസ്ഥാന മുസ്ലിം ലീഗ് വൈസ് പ്രസിഡണ്ട് വി.കെ.അബ്ദുൽ ഖാദർ മൗലവി ഉൽഘാടനം ചെയ്തു. കണ്ണൂർ മണ്ഡലം മുസ്ലിം ലീഗ് കമ്മറ്റിയുടെ ആഭിമുഖ്യത്തിൽ കണ്ണൂർ കാൽടെക്സിൽ നടന്ന ധർണ്ണ ജില്ലാ മുസ്ലിം ലീഗ് പ്രസിഡണ്ട് പി.കുഞ്ഞിമുഹമ്മദും, പുഴാതി മേഖലയിലെകക്കാട് ജില്ലാ ജനറൽ സെക്രട്ടറി അഡ്വ: അബ്ദുൽ കരീം ചേലേരിയും വളപട്ടണത്ത് ട്രഷറർ വി.പി വമ്പനും ഉൽഘാടനം ചെയ്തു. ജില്ലാ ഭാരവാഹികളായ അഡ്വ.എസ്.മുഹമ്മദ് ശ്രീകണ്ഠാപുരത്തും കെ.വി.മുഹമ്മദലി ഹാജി മാട്ടൂലിലും കെ.ടി. സഹദുള്ള പയ്യന്നൂരിലും എസ്.ടി.യു ദേശീയ വൈസ് പ്രസിഡണ്ട് എം.എ.കരീം പള്ളിക്കുന്ന് മേഖലയിലെ ചാലാട് ടൗണിലും ധർണ്ണ ഉൽഘാടനം ചെയ്തു.

രാമന്തളി: സർക്കാരിന്റെ ഇടതുപക്ഷ ക്ഷേമ പെൻഷൻ അട്ടിമറിക്കെതിരെ രാമന്തളി പഞ്ചായത്ത് മുസ്ലിം ലീഗ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ പാലക്കോട് സായാഹ്ന ധർണ്ണ സംഘടിപ്പിച്ചു. പയ്യന്നൂർ മണ്ഡലം മുസ്ലീം ലീഗ് ട്രഷറർ സി.കെ. മൂസ്സക്കുഞ്ഞി ഹാജി ഉദ്ഘാടനം ചെയ്തു.

പഞ്ചായത്ത് മുസ്ലിം ലീഗ് പ്രസിഡണ്ട് പി.എം. ലത്തീഫ് അധ്യക്ഷത വഹിച്ചു. യൂത്ത് ലീഗ് ജില്ലാ സിക്രട്ടറി എ.പി. റുഖ്നുദ്ദീൻ മുഖ്യ പ്രഭാഷണം നടത്തി. കെ.സി.അബ്ബുൽ ഖാദർ, കക്കുളത്ത് അബ്ബുൽ ഖാദർ, എ.ഒ.പി.ഹമീദ്, വി.വി.യൂസഫ്, മോണങ്ങാട്ട് മൊയ്തു, പി.പി.മുഹമ്മദലി പ്രസംഗിച്ചു. ഫായിസ് കവ്വായി, പി.കെ.ഷബീർ, കെ.സി.അശ്റഫ്, കെ.സി.മുസ്തഫ, സി.സി. സുലൈമാൻ പങ്കെടുത്തു.

മുസ്ലിംലീഗ് ആലക്കോട് പഞ്ചായത്ത് കമ്മിറ്റി രയരോത്ത് നടത്തിയ പ്രതിഷേധ ധർണ്ണ വി.എ.റഹിം ഉദ്ഘാടനം ചെയ്യുന്നു

ചാലാട് നടന്ന മുസ്ലിം ലീഗ് സായാഹ്ന ധർണ്ണ എസ്. ടി. യു ദേശീയ വൈസ് പ്രസിഡണ്ട് എം എ.കരീം ഉദ്ഘാടനം ചെയ്യുന്നു.

രാമന്തളി പഞ്ചായത്ത് മുസ്ലിം ലീഗ് കമ്മിറ്റിയുടെ സായാഹ്ന ധർണ്ണ പയ്യന്നൂർ മണ്ഡലം മുസ്ലീം ലീഗ് ട്രഷറർ സി.കെ. മൂസ്സക്കുഞ്ഞി ഹാജി ഉദ്ഘാടനം ചെയ്യുന്നു.

# സൗമ്യയുടെ ആത്മഹത്യ; സമഗ്രമായ അന്വേഷണം വേണമെന്ന് സതീശൻ പാച്ചേനി

കണ്ണൂർ: ജയിലിൽ സൗമ്യ ആത്മഹത്യ ചെയ്ത സംഭവത്തിൽ ജീവനക്കാരെ സസ്പെന്റ് ചെയ്തതിലും സർക്കാർ നടപടിയിലും ദുരൂഹതയുണ്ടെന്നും സമഗ്രമായ തുടരന്വേഷണം വേണമെന്നും ഡി.സി.സി പ്രസിഡണ്ട് സതീശൻ പാച്ചേനി ആവശ്യപ്പെട്ടു.

പിണറായിലെ കൂട്ടക്കൊലപാതകത്തിലെ പ്രതി സൗമ്യ ജയിലിൽ ആത്മഹത്യ ചെയ്ത സംഭവത്തിൽ ജയിൽ വകുപ്പിന് ഗുരുതരമായ വീഴ്ച സംഭവിച്ചു ഇത് മറച്ച് പിടിക്കാൻ ഡ്യൂട്ടിയിൽ ഇല്ലാത്ത അസിസ്റ്റന്റ് പ്രിസൺ ഓഫീസർമാരെ സസ്പെന്റ് ചെയ്ത സംഭവത്തിലും തുടർന്നുള്ള സർക്കാർ നടപടിയിലും ജയിൽ ഡി ജി പി യുടെ പ്രസ്താവനയും ദുരൂഹത വർദ്ധിപ്പിക്കുന്നതും തെറ്റിദ്ധാരണ പരത്തുന്നതുമാണ്.

സൗമ്യ ആത്മഹത്യ ചെയ്ത വനിതാ ജയിലിൽ പതിനാല് അസിസ്റ്റന്റ് പ്രിസൺ ഓഫീസർമാരും അഞ്ച് അസിസ്റ്റന്റ് സൂപ്രണ്ടുമാരും ഒരു ഡപ്യൂട്ടി സൂപ്രണ്ടും ഒരു സൂപ്രണ്ടുമാണ് ഉള്ളത്. രണ്ട് അസിസ്റ്റന്റ് സൂപ്രണ്ട്മാർ വർക്കിംങ്ങ് അറേഞ്ച്മെന്റിൽ മറ്റ് ജില്ലകളിലാണ് ജോലി ചെയ്യുന്നത്. ജയിലുകളിൽ ജയിൽ സൂപ്രണ്ട് നിശ്ചയിക്കുന്ന സമയക്രമത്തിനനുസരിച്ചാണ് പ്രിസൺ ഓഫീസർമാരുടെ ഡ്യൂട്ടി സമയം ക്രമീകരിച്ചിട്ടുള്ളത്.കേരളത്തിലെ ജയിലുകളിൽ വ്യത്യസ്ഥ സമയക്രമങ്ങളിൽ ഡ്യൂട്ടി ആരംഭിക്കുന്നതും അവസാനിക്കുന്നതും ജയിൽ ഡി.ജി.പിക്ക് അറിവുള്ള കാര്യമാണ്.

ഒരേ സമയത്ത് ഡ്യൂട്ടിയിലുള്ള അസിസ്റ്റന്റ് പ്രിസൺ ഓഫീസർമാരിൽ ഒരാളെ മാത്രം പക്ഷപാതപരമായ നടപടിയിലൂടെ സസ്പെന്റ് ചെയ്തത് ഗുരുതരമായ തെറ്റാണെന്ന് ജയിൽ വകുപ്പിലെ മറ്റ് ഓഫീസർമാർക്കും ജീവനക്കാർക്കും മനസ്സിലായപ്പോൾ ജാള്യത മാറ്റാൻ ജയിൽ ഡി.ജി.പി പത്ര സമ്മേളനത്തിൽ പോലും കളവ് പറയുന്നതിന് തയ്യാറായി. ഓഗസ്റ്റ് 23 ന് വൈകിട്ട് 5.30ന് ഡ്യൂട്ടിയിൽ കയറിയ പ്രിസൺ ഓഫീസർമാർ 24ന് രാവിലെ 8.30 വരെ ജോലി ചെയ്ത് മടങ്ങിയതിന് ശേഷം 9.10 ന് ആണ് സൗമ്യ ആത്മഹത്യ ചെയ്തത് എന്ന് ജയിൽ ഡി.ഐ.ജിയുടെ അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്.

ഡ്യൂട്ടി കഴിഞ്ഞ് വീട്ടിൽ പോയവരെ സസ്പെന്റ് ചെയ്ത നടപടിയും രാവിലെ 9 മണി മുതൽ ഡ്യൂട്ടിയിലുണ്ടായവരിൽ ഒരാളെ മാത്രം സസ്പെന്റ് ചെയ്തതിലും ഹിഡൻ അജണ്ട പ്രകടമാണ്.

ജയിലിലെ അസിസ്റ്റന്റ് പ്രിസൺ ഓഫിസർമാരുടെ കുടുംബ പാശ്ചാത്തലത്തിലെ രാഷ്ട്രീയ സമീപനം മനസ്സിലാക്കി തീർത്തും നിയമവിരുദ്ധമായി പക്ഷപാതപരമായി അച്ചടക്ക നടപടി സ്വീകരിച്ചത് ശരിയായ നടപടിയല്ല. കേരളത്തിലെ ജയിൽ വകുപ്പ് ഭരണത്തിൽ വ്യാപകമായി ആക്ഷേപങ്ങൾ ഉയർന്ന് വരുന്നുണ്ട് . സർക്കാർ നിയമവിരുദ്ധവും തെറ്റായതുമായ നടപടികൾ സ്വീകരിക്കുന്നത് മൂലമാണ് ഇത്തരം ആക്ഷേപങ്ങൾ ഉയർന്ന് വരുന്നത്. ജയിൽ വകുപ്പ് നാഥനില്ലാക്കളരി പോലെ കുത്തഴിഞ്ഞ് പോയ അവസ്ഥ കണ്ണൂരിലെ ജയിലുകളിൽ ഇന്ന് പ്രകടമാണ്.

സൗമ്യയുടെ മരണത്തിൽ നിലനില്ക്കുന്ന ദുരൂഹതയും കുറ്റപത്രം കോടതി മടക്കിയതുമായ സംഭവങ്ങളും ജയിൽ വകുപ്പ് സ്വീകരിച്ച മറ്റ് നടപടി ക്രമങ്ങളും ഉന്നതതല തുടർ അന്വേഷണത്തിന് വിധേയമാക്കണം. സതീശൻ പാച്ചേനി ആവശ്യപ്പെട്ടു.

ചെറുകുന്ന് ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ ഒരുമാസത്തെ വേതനം പഞ്ചായത്ത് പ്രസിഡണ്ട് പി.കെ. ഹസൻകുഞ്ഞിമാസ്റ്റർക്ക് കൈമാറുന്നു.

# നിലക്കുന്നില്ല ആശ്വാസ പ്രവാഹം

ചെറുകുന്ന്: മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ചെറുകുന്ന് ഗ്രാമപഞ്ചായത്ത് ഭരണസമിതി മെമ്പർമാരുടെ ഒരുമാസത്തെ ഹോണറേറിയവും ജീവനക്കാരുടെ ഒരുമാസത്തെ വേതനവും പഞ്ചായത്ത് സെക്രട്ടറി പി. പി. ഉഷ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് പി.കെ. അസ്സൻകുഞ്ഞിമാസ്റ്റർക്ക് കൈമാറി. ചടങ്ങിൽ വച്ച് ചെറുകുന്ന് കൃഷി ഓഫീസ് ജീവനക്കാരുടെ ഒരുമാസത്തെ വേതനം കൃഷി ഓഫീസറിൽ നിന്നും പ്രസിഡണ്ട് ഏറ്റുവാങ്ങി.

തളിപ്പറമ്പ: കാലവർഷക്കെടുതിയിൽ ദുരിതമനുഭവിക്കുന്നവർക്കായി വിതരണം ചെയ്യുന്നതിന് മഹിള അസോസിയേഷൻ സമാഹരിച്ച പാത്രങ്ങൾ വയനാട്ടിലെത്തിച്ചു. ഏരിയയിലെ 223യൂണിറ്റുകളിൽ നിന്നായി ശേഖരിച്ച നൂറുകണക്കിന് പാത്രങ്ങളാണ് വയനാട്ടിൽ വിതരണം ചെയ്തത്. സ്റ്റീൽ കലം, തവി, പ്ലേറ്റ്, ചായപാത്രം, സ്റ്റീൽ ഗ്ലാസ്, സ്പൂൺ എന്നിവയടങ്ങിയ കിറ്റുകളാക്കിയാണ് നൽകിയത്. വയനാട്ടിലേക്കുള്ള യാത്ര കെ.കെ.എൻ. പരിയാരം ഹാളിൽ സി.പി.എം ഏരിയാ സെക്രട്ടറി പി. മുകുന്ദൻ ഉദ്ഘാടനം ചെയ്തു. സംസ്ഥാന കമ്മിറ്റിയംഗം പി. കെ. ശ്യാമള ഏറ്റുവാങ്ങി. പി. ടി. രുഗ്മിണി അധ്യക്ഷയായി. ഒ. സുഭാഗ്യം, എം സാവിത്രി, വി. സതീദേവി, കെ. പത്മാവതി, കെ. അമ്മാളു എന്നിവർ സംസാരിച്ചു. ഓമന മുരളീധരൻ സ്വാഗതം പറഞ്ഞു.

തളിപ്പറമ്പ: ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസിയേഷൻ അംഗങ്ങളിൽ നിന്ന് ദുരിതാശ്വാസനിധിയിലേക്ക് സമാഹരിച്ച 41001 രൂപ ജില്ലാ കമ്മിറ്റിക്ക് കൈമാറി. സംസ്ഥാന ട്രഷറർ കെ.പി.രാമകൃഷ്ണ പൊതുവാൾ തുക ഏറ്റുവാങ്ങി. എം.വി. ശശി അധ്യക്ഷത വഹിച്ചു. ആലിക്കുഞ്ഞി, കെ.നാരായണൻ, എ.നാരായണൻ, അബ്ദുൾറഷീദ്, ഷുക്കൂർ ഹാജി സംസാരിച്ചു. എം.ലക്ഷ്മണൻ സ്വാഗതവും പി.ശിവപ്രസാദ് നന്ദിയും പറഞ്ഞു.

മഹിളാ അസോസിയേഷൻ സമാഹരിച്ച പാത്രങ്ങൾ തളിപ്പറമ്പ ഏരിയാ സെക്രട്ടറി പി. മുകുന്ദൻ ശ്യാമള ടീച്ചർക്ക് കൈമാറുന്നു.

ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസിയേഷൻ അംഗങ്ങളിൽ നിന്ന് സമാഹരിച്ച തുക സംസ്ഥാന ട്രഷറർ കെ.പി.രാമകൃഷ്ണ പൊതുവാളിന് കൈമാറുന്നു

സമാഹരിച്ച് ദുരിതാശ്വാസ ഫണ്ട് ജില്ലാ സെക്രട്ടറി പി.പി. കൃഷ്ണനെ ഏൽപ്പിക്കുന്നു.

സർവ്വകലാശാലാ ടേബിൾ ടെന്നീസ് ചാമ്പ്യൻഷിപ്പിൽ ചാമ്പ്യന്മാരായ സർസയ്യിദ് കോളേജ് ടീമിന് നഗരസഭാ ചെയർമാൻ മഹമൂദ് അള്ളാംകുളം ട്രോഫി വിതരണം ചെയ്യുന്നു.

# സർവ്വകലാശാല ടേബിൾ ടെന്നീസ്: സർസയ്യിദും മേരിമാതായും ചാമ്പ്യന്മാർ

തളിപ്പറമ്പ: കണ്ണൂർ സർവ്വകലാശാല പുരുഷ-വനിത ടേബിൾടെന്നീസ് ചാമ്പ്യൻഷിപ്പിൽ തളിപ്പറമ്പ സർസയ്യിദ്കോളേജും മാനന്തവാടി മേരിമാതാ കോളേജും ചാമ്പ്യന്മാരായി.

പുരുഷ വിഭാഗത്തിൽ മാനന്തവാടി മേരിമാതാ കോളേജും തലശ്ശേരി ബ്രണ്ണൻ കോളേജും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി.

വനിതാ വിഭാഗത്തിൽ തലശേരി ബ്രണ്ണൻ കോളേജ് രണ്ടാം സ്ഥാനവും കണ്ണൂർ എസ്.എൻ.കോളേജ് മൂന്നാം സ്ഥാനവും നേടി.

കരിമ്പം കേയിസാഹിബ് ട്രെയ്നിംഗ് കോളേജിൽ ചാമ്പ്യൻഷിപ്പ് മാനേജർ പി.സി. പി.മഹമൂദ് ഹാജി ഉദ്ഘാടനം ചെയ്തു. പ്രിൻസിപ്പാൾ ടി.പി. അഷ്റഫ് അധ്യക്ഷത വഹിച്ചു. ഡോ:മരിയാ മാർട്ടിൻ, സർസയ്യിദ് കോളേജ് കായിക വിഭാഗം മേധാവി കെ.വി. മഹേഷ്, കേയിസാഹിബ് ട്രെയ്നിംഗ് കോളേജ് കായികവിഭാഗം മേധാവി ഡോ:കെ.അബ്ദുൾറഹ്മാൻ,എൻ. ഷംസീർ സംസാരിച്ചു.

സമാപന ചടങ്ങിൽ നഗരസഭാ ചെയർമാൻ മഹമൂദ് അള്ളാംകുളം ട്രോഫികൾ വിതരണം ചെയ്തു.

# ജില്ലാ മുസ്ലിംലീഗ് പ്രവർത്തക സമിതി 13ന്

കണ്ണൂർ: ജില്ലാ മുസ്ലിം ലീഗ് പ്രവർത്തക സമിതി അംഗങ്ങളുടെയും മണ്ഡലം പ്രസിഡണ്ട് ജനറൽ സെക്രട്ടറിമാരുടെയും പോഷക സംഘടന ജില്ലാ പ്രസിഡണ്ട് ജനറൽ സെക്രട്ടറിമാരുടെയും യോഗം 13ന് ഉച്ചക്ക് 2 മണിക്ക് തെക്കിബസാർ അശോകാ ഹോസ് പിറ്റലിന് മുൻവശത്തുള്ള ഗുരുഭവൻ ഓഡിറ്റോറിയത്തിൽ ചേരുമെന്ന് ജനറൽ സെക്രട്ടറി അഡ്വ: അബ്ദുൽ കരീംചേലേരി അറിയിച്ചു.


**ആവശ്യമുണ്ട്**

തളിപ്പറമ്പ് പർഡ സ്ഥാപനത്തിലേക്ക് പർഡ കട്ടിങ് ആന്റ് സ്റ്റിച്ചിംഗ് എന്നിവക്ക് മുൻപരിചയമുള്ള ആളെ ആവശ്യമുണ്ട്. വനിതകൾക്ക് മുൻഗണന.

Ph: 9447353172
8078861827,9656862288



**മൂത്രക്കല്ല് (Kidny Stone)**

ഏതവസ്ഥയിലുള്ളതായാലും ആജീവനാന്ത ഗ്യാരണ്ടിയോടെ മാറ്റുന്നു. (ആയുർവ്വേദം)

Ph: 9847081164



**വൃത്തിയും ഭംഗിയുമുള്ള അടുക്കളയ്ക്ക്**

സ്റ്റാർ പുകയില്ലാത്ത അടുപ്പുകൾ

പുക്കോത്ത്നട | ആലക്കോട് റോഡ്
തളിപ്പറമ്പ | മന്ന, തളിപ്പറമ്പ

Ph: 9446774253, Mob: 9961664253

പരിചയസമ്പന്നരായ തൊഴിലാളികൾ
ഉത്തരവാദിത്വത്തോടുകൂടി നിർമ്മിച്ചു കൊടുക്കുന്നു

കേരള ഇലക്ട്രിക് ട്രെയ്ഡ്സ് അസോസിയേഷൻ ജില്ലാ യൂണിറ്റ് സമാഹരിച്ച ഒരു ലക്ഷം രൂപയുടെ ചെക്ക് ജില്ലാ കളക്ടർക്ക് പ്രസിഡന്റ് കെ.വി ഹനീഷയും മറ്റു ഭാരവാഹികളും ചേർന്ന് കൈമാറുന്നു.

# അധ്യാപകദിനം ആചരിച്ചു

ആലക്കോട്: അധ്യാപകദിനാചരണത്തോടനുബന്ധിച്ച് തടിക്കടവ് ഗവ. ഹൈസ്കൂളിൽ പി.ടി.എ ആഭിമുഖ്യത്തിൽ ഹെഡ്മാസ്റ്ററെയും അധ്യാപകരെയും ആദരിച്ചു. പി.ടി.എ പ്രസിഡണ്ട് എ.എസ്. ബിജു അധ്യക്ഷത വഹിച്ചു. വാർഡ് മെമ്പർ മനു തോമസ്, ഹെഡ്മാസ്റ്റർ വിജയകൃഷ്ണൻ, കെ.ജെ. ജോസഫ്, ബിജുമോൻ, കെ.എ. അശ്വിൻ പ്രസംഗിച്ചു.

വായാട്ടുപറമ്പ: വായാട്ടുപറമ്പ് സെന്റ് ജോസഫ്സ് ഹയർസെക്കണ്ടറി സ്കൂളിൽ അധ്യാപകദിനം നടത്തി. പ്രിൻസിപ്പാൾ ഫാ. തോമസ് തടത്തിൽ അധ്യക്ഷത വഹിച്ചു. ഹെഡ്മാസ്റ്റർ മാത്യു ജെ. പുളിക്കൽ സന്ദേശം നൽകി. പി.ടി.എ പ്രസിഡണ്ട് സുനിൽ കീഴാരം അധ്യാപകർക്ക് പൂച്ചെടികൾ സമ്മാനിച്ച് ആദരിച്ചു. മദർ പി.ടി.എ പ്രസിഡണ്ട് ബിന്ദു ഇടമറ്റം വിദ്യാർത്ഥി പ്രതിനിധികളായ മീനു റോയി, അൽന മാത്യു പ്രസംഗിച്ചു. മാത്തുക്കുട്ടി പടന്നമാക്കൽ, തോമസ് തോണക്കര, ബിജു സി. അബ്രഹാം, സിബി ഫ്രാൻസീസ്, ബിനുതോമസ്, സുനിൽജോസഫ്, എം.യു. ജോസുകുട്ടി, ലൈന സെബാസ്റ്റ്യൻ, സിസ്റ്റർ പ്രിൻസി ജോർജ് എന്നിവർ നേതൃത്വം നൽകി.

വായാട്ടുപറമ്പ് സെന്റ് ജോസഫ്സ് ഹയർസെക്കണ്ടറി സ്കൂളിൽ അധ്യാപകരെ ആദരിക്കുന്നു

അധ്യാപകദിനത്തിൽ ശാഖ എസ്.കെ.എസ്.എസ്.എഫ് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ പടപ്പേങ്ങാട് എൽ.പി സ്കൂൾ അധ്യാപകരെ ആദരിച്ചപ്പോൾ

# ബീന ചികിത്സാഫണ്ട്; അക്കൗണ്ട് തുറന്നു

കണ്ണൂർ: മംഗളം ദിനപത്രം കണ്ണൂർ യൂനിറ്റിലെ സീനിയർ ഫോട്ടോഗ്രാഫർ കൃഷ്ണൻ കാഞ്ഞിരങ്ങാടിന്റെ ഭാര്യ ബീന ഇരുവൃക്കകളും തകരാറിലായി തൃശൂരിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലാണ്. വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയക്കും അനുബന്ധ ചികിത്സക്കുമായി വൻ തുക വേണം. നിലവിൽ ഡയാലിസിസ് ചെയ്താണ് ജീവൻ നിലനിർത്തുന്നത്. ചികിത്സാ സഹായാർത്ഥം കണ്ണൂർ പ്രസ് ക്ലബിന്റെ നേതൃത്വത്തിൽ രൂപീകരിച്ച കമ്മിറ്റി കണ്ണൂർ ജില്ലാ സഹകരണ ബാങ്കിന്റെ പ്രധാന ശാഖയിൽ ബീന കെ.പി മെഡിക്കൽ ഫണ്ട് കമ്മിറ്റി എന്ന പേരിൽ അക്കൗണ്ട് തുറന്നിട്ടുണ്ട്. ഉദാരമതികൾ സംഭാവന ചെയ്യണമെന്ന് പ്രസ് ക്ലബ് ഭാരവാഹികൾ അഭ്യർത്ഥിച്ചു. എസ്.ബി അക്കൗണ്ട് നമ്പർ: 1001007000745, ഐ.എഫ്.എസ് കോഡ്: UTIBOSKDC01, എം.ഐ.സി.ആർ കോഡ്: 670800002, ഫോൺ നമ്പർ: 2708684

# ഷോർട്ട് ഫിലിം ഫെസ്റ്റ് 17 മുതൽ

കണ്ണൂർ: ചലച്ചിത്ര അക്കാദമി ജില്ലാ ലൈബ്രറിയുടെ സഹകരണത്തോടെ ഷോർട്ട് ഫിലിം, ഡോക്യുമെന്ററി ഫെസ്റ്റ് നടത്തുന്നു. 17 മുതൽ 21 വരെ ജില്ലാ ലൈബ്രറി അങ്കണത്തിൽ വൈകിട്ട് ആറ് മുതൽ രാത്രി 9.30 വരെയാണ് ഫെസ്റ്റ്. ഷോർട്ട് ഫിലിം, ഡോക്യുമെന്ററി പ്രദർശിപ്പിക്കാൻ താൽപര്യമുള്ളവർ ജില്ലാ ലൈബ്രറിയിലെ ചലച്ചിത്ര അക്കാദമി മേഖലാ കേന്ദ്രവുമായി ബന്ധപ്പെടണം.

## കുറ്റ്യേരി വനിതാ സർവീസ് സഹകരണസംഘം

**ക്ലിപ്തം നമ്പർ സി 1492, കുറ്റ്യേരി (പി.ഒ)**

**പൊതുയോഗ നോട്ടീസ്**

മാന്യ മെമ്പർമാരെ,

കുറ്റ്യേരി വനിതാ സർവീസ് സഹകരണ സംഘം 'എ' ക്ലാസ് മെമ്പർമാരുടെ ഒരു പൊതുയോഗം 29-9-2018ന് ശനിയാഴ്ച 3 മണിക്ക് നെല്ലിപ്പറമ്പ കെ.കെ.എൻ.പരിയാരം സ്മാരക സ്പോർട്സ് ക്ലബിൽ വെച്ച് ചേരുന്നതാണ്. മുഴുവൻ 'എ' ക്ലാസ് മെമ്പർമാരും പൊതുയോഗത്തിൽ പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

കുറ്റ്യേരി, 11-09-2018. കൽപ്പന പ്രകാരം, (ഒപ്പ്) **സെക്രട്ടറി**

**അജണ്ട:**

1. സ്വാഗതം 2. പ്രസിഡണ്ടിന്റെ ആമുഖ ഭാഷണം, 3. 2017-2018 വർഷത്തെ പ്രവർത്തന റിപ്പോർട്ട്, 4. 2017-18 വർഷത്തെ വരവ്-ചെലവ് കണക്ക്, 5. 2017-2018 വർഷത്തെ സപ്ലിമെന്ററി ബജറ്റ്, 6. 2019-2020 വർഷത്തെ കരട് ബജറ്റ്, 7. 2017-2018 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് (ഓഡിറ്റ് റിപ്പോർട്ട് ലഭിക്കുന്ന മുറക്ക്), 8. ബൈലോ ഭേദഗതികൾ, 9. ചോദ്യങ്ങളും പ്രമേയങ്ങളും, 10. അധ്യക്ഷന്റെ അനുമതിയോടെ വരുന്ന മറ്റിനങ്ങൾ, 11. നന്ദി.

കുറിപ്പ്: (1) ചോദ്യങ്ങളും പ്രമേയങ്ങളും 19-09-2018ന് മുമ്പായി സംഘം ഓഫീസിൽ ലഭിച്ചിരിക്കേണ്ടതാണ്.

2. വിശദ വിവരങ്ങൾ സംഘം ഓഫീസ്, കണ്ണൂർ സഹകരണ സംഘം അസി. റജിസ്ട്രാർ (ജനറൽ), അസി. ഡയരക്ടർ ഓഡിറ്റ്, കണ്ണൂർ ജില്ലാ സഹകരണ ബേങ്ക് ശാഖ, വില്ലേജ് ഓഫീസ് എന്നിവിടങ്ങളിലെ നോട്ടീസ് ബോർഡുകളിൽ പരസ്യപ്പെടുത്തിയിട്ടുണ്ട്.

ബൈലോ ഭേദഗതി നിർദേശങ്ങൾ:-

1) 2. ഉദ്ദേശലക്ഷ്യങ്ങൾ

(a) അംഗങ്ങളുടെ പൊതുവായ ക്ഷേമപ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുകയും അംഗങ്ങൾക്ക് ഉപയോഗപ്രദമായ കാര്യങ്ങൾക്കായി നിക്ഷേപങ്ങൾ സ്വീകരിക്കുകയും വായ്പ അനുവദിക്കുകയും ചെയ്യുക.

2) കൂട്ടിച്ചേർക്കൽ

1) ബൈലോ 14 ii(h) 'ഡി' ക്ലാസ് അംഗത്വം ഗൃഹോപകരണ വായ്പ, വാഹന വായ്പ, കച്ചവട വായ്പ, ഭൂസ്വത്ത് പണയ വായ്പ, ഭവന നിർമ്മാണ വായ്പ, കുടുംബശ്രീ സ്വാശ്രയ ഗ്രൂപ്പുകൾക്ക് വായ്പ, മുതലാമവയ്ക്കും ഗ്രൂപ്പ് ഡയപോസിറ്റ് സ്കീം, പ്രതിമാസ നിക്ഷേപ പദ്ധതി (MDS), സ്വദാഗ്യ നിക്ഷേപ പദ്ധതി എന്നിവയിൽ ചേരുന്നതിനും മാത്രമായിരിക്കും. 'ഡി' ക്ലാസ് അംഗങ്ങൾക്ക് മറ്റ് യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല.

2) ബൈലോ 14 ii(h) j '

സംഘത്തിലെ ശമ്പളം പറ്റുന്ന ജീവനക്കാർക്ക് വീട് നിർമ്മിക്കുന്നതിനും റിപയർ ചെയ്യുന്നതിനും വാഹനം വാങ്ങുന്നതിനും വീടും സ്ഥലവും വാങ്ങുന്നതിനും റജിസ്ട്രാറുടെ സർക്കുലറിന് വിധേയമായി വായ്പകൾ അനുവദിക്കാവുന്നതാണ്.

3) ബൈലോ 14 (ii) k '

സംഘത്തിൽ നിന്നും നൽകി വരുന്ന വായ്പകൾ പലിശയടച്ച് മുതൽ പുതുക്കി നൽകാവുന്നതാണ്. എന്നാൽ അത്തരം വായ്പകൾക്ക് തൊട്ടടുത്ത ഭരണസമിതി യോഗത്തിന്റെ അംഗീകാരം വാങ്ങേണ്ടതാണ്.